# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3276

13-03-2017- ൽ മറുപടിയ്ക്ക്

### പുതിയ ന്യൂനപക്ഷക്ഷേമ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷ ക്ഷേമത്തിനായി പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ അതു സംബന്ധിച്ച് വിശദീകരിക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് പ്രൊഫസർ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്. എസ്.എസ്.എൽ.സി, +2, വി.എച്ച്.എസ്.ഇ, ബിരുദം, ബിരുദാനന്തര ബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ വിഭാഗങ്ങളിലെ ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അവാർഡ് നൽകുന്ന പദ്ധതിയാണിത്. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ 6 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരെയും ടി സ്കോളർഷിപ്പിന് പരിഗണിക്കും. സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ എസ്.എസ്.എൽ.സി/+2,വി.എച്ച്.എസ്.ഇ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് 10,000/- രൂപയും ബിരുദ/ബിരുദാനന്തരവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് 15,000/ രൂപയുമാണ് . സ്കോളർഷിപ്പ് അവാർഡ് തുകയായി നിശ്ചയിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | മുൻ സർക്കാറിന്റെ കാലത്ത് നടപ്പിലാക്കി വന്നിരുന്ന ഏതെങ്കിലും ന്യൂനപക്ഷക്ഷേമ സഹായ പദ്ധതികൾ നിർത്തലാക്കിയിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | എങ്കിൽ അവ ഏതൊക്കെയാണെന്നും, നിർത്തലാക്കിയതിന്റെ കാരണങ്ങളും വിശദീകരിക്കാമോ; | (ഡി) | ബാധകമല്ല. |
| (ഇ) | ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്ക് നൽകുന്ന ഭവന നിർമ്മാണ സഹായത്തിന് നടപ്പുവർഷം ലഭ്യമായ അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ഇ) & (എഫ്) | അനുബന്ധമായി ചേർക്കുന്നു. |
| (എഫ്) | ആകെ എത്ര വീടുകൾ നൽകാനാണ് ഉദ്ദേശിക്കുന്നത്; ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്കുള്ള ഭവന നിർമ്മാണ സഹായ പദ്ധതിയിൽ തൊട്ടുമുൻവർഷം എത്ര വീടുകൾ അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | | |
| (ജി) | ന്യൂനപക്ഷവിഭാഗത്തിലെ വിധവകൾക്ക് തൊട്ട് മുൻവർഷം അനുവദിക്കേണ്ടിയിരുന്ന ഭവനനിർമ്മാണ ധനസഹായ വിതരണം തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണവും, ലാപ്സായ തുക എത്രയാണെന്നും വിശദീകരിക്കുമോ? | (ജി) | തടസ്സപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ഇ)** ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്ക് നൽകുന്ന ഭവന നിർമ്മാണ സഹായത്തിന് നടപ്പ് വർഷം ലഭ്യമായ അപേക്ഷകളുടെ എണ്ണം ജില്ലതിരിച്ച്

| ക്രമ നം | ജില്ല | ലഭ്യമായ അപേക്ഷകളുടെഎണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 1409 |
| 2 | കൊല്ലം | 675 |
| 3 | പത്തനംതിട്ട | 341 |
| 4 | ആലപ്പുഴ | 493 |
| 5 | കോട്ടയം | 593 |
| 6 | ഇടുക്കി | 913 |
| 7 | എറണാകുളം | 835 |
| 8 | തൃശൂർ | 807 |
| 9 | പാലക്കാട് | 1872 |
| 10 | മലപ്പുറം | 3044 |
| 11 | കോഴിക്കോട് | 954 |
| 12 | വയനാട് | 1103 |
| 13 | കണ്ണൂർ | 996 |
| 14 | കാസർഗോഡ് | 649 |
| | **ആകെ** | **14684** |

**എഫ്)** 2016-17 സാമ്പത്തിക വർഷത്തിൽ 1240 വീടുകളാണ് സംസ്ഥാനത്താകെ നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. മുൻ വർഷം (2015-16) 798 വീടുകളാണ് അനുവദിച്ചത്.

ഓരോ ജില്ലയിലേക്കും അനുവദിച്ച വീടുകളുടെ എണ്ണം (2015-16)

| ക്രമ നം | ജില്ല | അനുവദിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 50 |
| 2 | കൊല്ലം | 50 |
| 3 | പത്തനംതിട്ട | 25 |
| 4 | ആലപ്പുഴ | 60 |
| 5 | കോട്ടയം | 25 |
| 6 | ഇടുക്കി | 40 |
| 7 | എറണാകുളം | 30 |
| 8 | തൃശൂർ | 50 |
| 9 | പാലക്കാട് | 50 |
| 10 | മലപ്പുറം | 200 |
| 11 | കോഴിക്കോട് | 64 |
| 12 | വയനാട് | 64 |
| 13 | കണ്ണൂർ | 50 |
| 14 | കാസർഗോഡ് | 40 |
| | **ആകെ** | **798** |

**സെക്ഷൻ ഓഫീസർ**